1. പ്രവാസികളുടെ സ്വത്തുക്കളും സ്വകാര്യ ആസ്തികളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് അർദ്ധ നീതിന്യായ അധികാരമുള്ള എൻ.ആർ.ഐ. കമ്മീഷൻ രൂപീകരിക്കും.

2. പ്രൊഫഷണൽ മേഖലകളിൽ തൊഴിൽ പരിചയമുള്ള, എന്നാൽ വിദ്യാഭ്യാസ യോഗ്യത നേടിയിട്ടില്ലാത്തവരുമായ പ്രവാസികൾക്ക് തനത് മേഖലകളിൽ നൈപുണ്യത്തിന് സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കും.

3. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെക്കുറിച്ച് പ്രവാസികളുടെ കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി പ്രവാസി എഡ്യൂക്കേഷൻ സെൽ രൂപീകരിക്കും.

4. കേരളത്തിലെ വിമാനത്താവളങ്ങളെ ഇന്റർനാഷണൽ എയർപോർട്ട് ഹബ്ബിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടും.

5. പ്രവാസികൾക്കായി നയങ്ങൾ, പദ്ധതികൾ, പ്രോജക്ടുകൾ എന്നിവ രൂപം നൽകുന്നതിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നോർക്ക അഡ്വൈസറി ബോർഡ് രൂപീകരിക്കും.

6. വിവിധ രാജ്യങ്ങളിൽ വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് സഹായകമായി പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളുടെ മാനവവിഭവശേഷിയും നൈപുണ്യവും വർദ്ധിപ്പിക്കും.

7. സംസ്ഥാന വികസനത്തിന് പ്രവാസികളുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കും.

(ബി) സംഗമത്തിന്റെ ഭാഗമായി പുനരധിവാസ പാക്കേജിൽ പദ്ധതികൾ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ല

ഗൾഫ് നാടുകളിൽനിന്നും തിരിച്ചുവന്ന മലയാളികൾ

93 (1494) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുവൈറ്റിൽ വിദേശ തൊഴിലാളികളുടെ എണ്ണം പരിമിതപ്പെടുത്തിക്കൊണ്ടുള്ള തീരുമാനമുണ്ടായതിനെതുടർന്ന് നാട്ടിലേക്ക് തിരിച്ചുവരാൻ നിർബന്ധിക്കപ്പെട്ട പ്രവാസി മലയാളികൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽ കാരണം ഉൾപ്പെടെ വിവിധ കാരണങ്ങളാൽ ഗൾഫ് നാടുകളിൽ നിന്നും സംസ്ഥാനത്തേക്ക് തിരിച്ചുവന്ന ഗൾഫ് മലയാളികളുടെ ആകെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഗൾഫ് നാടുകളിൽ കഴിയുന്നവരിൽ സ്വദേശത്തേക്ക് മടക്കി അയയ്ക്കപ്പെടൽ ഭീഷണി നേരിട്ടവർ എത്രയാണെന്നും ഏതെല്ലാം ഗൾഫ് നാടുകളിൽ എത്ര വീതം എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിലൊരു വിവരശേഖരണം നടത്തിയിട്ടില്ല.

(ബി) നോർക്ക-റൂട്ട്സിൽ 2013 ഏപ്രിലിൽ ഏർപ്പെടുത്തിയ രജിസ്ട്രേഷൻവഴി ലഭിച്ച വിവരപ്രകാരം വിവിധ കാരണങ്ങളാൽ വിദേശത്തുനിന്ന് തിരികെയെത്തിയവർ 25835 പേരാണ്.

(സി) ഈ വിവരം ബന്ധപ്പെട്ട ഇന്ത്യൻ മിഷനുകൾ ലഭ്യമാക്കിയിട്ടില്ല.

ഗൾഫ് നാടുകളിൽ വിചാരണ നേരിടുന്ന കേരളീയർ

94 (1495) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ എത്ര കേരളീയർ ഗൾഫ് നാടുകളിൽ വിവിധ കേസുകളിൽ കുറ്റം ആരോപിക്കപ്പെട്ട് വിചാരണ നേരിടുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് നിയമ സഹായം ഉറപ്പുവരുത്തുന്നതിന് നോർക്ക വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഗൾഫ് നാടുകളിൽ വിവിധ കേസുകളിൽ കുറ്റം ആരോപിക്കപ്പെട്ട് വിചാരണ നേരിടുന്നവരുടെ സംസ്ഥാനം തിരിച്ചുള്ള വിവരം ഇന്ത്യൻ എംബസി ശേഖരിച്ചിട്ടില്ല.

(ബി) വിദേശരാജ്യങ്ങളിൽ തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും ജയിലിലടക്കപ്പെടുന്ന പ്രവാസി മലയാളികളെക്കുറിച്ച് വിവരം ലഭിക്കുന്ന അവസരത്തിൽ തന്നെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് അവരുടെ മോചനത്തിനും തിരികെ നാട്ടിലെത്തിക്കുന്നതിനും നോർക്ക വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകുക, വിവിധ കാരണങ്ങളാൽ

LIBRARY ARCHIVES Kerala Legislative Assembly